# ഫൈസൽ & ഷബാന ഫൗണ്ടേഷൻ പിന്തുണയുള്ള നടക്കാവ് സ്കൂൾ ഇന്ത്യയിലെ 2-ാമത്തെ മികച്ച സർക്കാർ വിദ്യാലയം

**>> 2013 ൽ ഫൗണ്ടേഷൻ പുനർ വികസിപ്പിച്ചെടുത്ത ശേഷം 120 വർഷം പഴക്കമുള്ള സ്കൂൾ ഇന്ത്യയിലെ സർക്കാർ ഡേ സ്കൂളുകളിൽ ഉയർന്ന റാങ്കിംഗ് നേടി. സ്കൂൾ വികസന മാതൃക കേരള സർക്കാർ സംസ്ഥാനത്തെ ആയിരത്തിലധികം സ്കൂളുകളിലേക്ക് വ്യാപിപ്പിച്ചു**





1. ഫൈസൽ, ഷബാന. 2. നടക്കാവ് വൊക്കേഷനൽ ഹയർ സെക്കന്ററി സ്കൂളിന്റെ ഒരു ദൃശ്യം

ദുബൈ: യുഎഇ ആസ്ഥാനമായ കെഫ് ഹോൾഡിംഗ്സ് കമ്പനിയുടെ ജീവകാരുണ്യ പ്രസ്ഥാനമായ ഫൈസൽ & ഷബാന ഫൗണ്ടേഷൻ നേതൃത്വം നൽകി പുനർവികസിപ്പിച്ച കോഴിക്കോട് നടക്കാവ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഇന്ത്യയിലെ രണ്ടാമത്തെ മികച്ച സർക്കാർ വിദ്യാലയം എന്ന ബഹുമതി നേടി.

ഏകദേശം 120 വർഷം പഴക്കമുള്ള വിദ്യാലയം 2013ലാണ് ഫൗണ്ടേഷൻ പുനർനിർമിച്ചത്. കോഴിക്കോട് നോർത്ത് എംഎൽഎ എ.പ്രദീപ് കുമാർ വിഭാവനം ചെയ്ത പ്രിസം പദ്ധതിയുടെ ഭാഗമായിട്ടായിരുന്നു ഇത്.

ഇതേത്തുടർന്ന് എല്ലാ വർഷവും എജുക്കേഷൻ വേൾഡ് ഏർപ്പെടുത്തിയ ഇന്ത്യയിലെ മികച്ച സ്കൂളുകളുടെ പട്ടികയിൽ നടക്കാവ് സ്കൂൾ ഉയർന്ന റാങ്കിംഗ് സ്വന്തമാക്കിയിരുന്നു. ഇപ്പോഴിതാ ഇഡബ്ല്യൂ ഇന്ത്യാ സ്കൂൾ റാങ്കിംഗ് 2019-'20 പട്ടികയിൽ സ്കൂൾ രണ്ടാം സ്ഥാനം നേടി കേരളത്തിന് അഭിമാനമായിരിക്കുന്നു.

ലോകത്തിലെ തന്നെ ഏറ്റവും വലിയ സ്കൂൾ സർവേ ആണ് ഇ. ഡബ്ല്യൂ ഇന്ത്യാ സ്കൂൾ റാങ്കിംഗ്. 14 വിഭാഗങ്ങളിലാണ് സ്കൂളുകളുടെ പ്രകടനം വിലയിരുത്തുന്നത്. നടക്കാവ് സ്കൂൾ ആകെ 1,061 പോയിന്റ് നേടി. അധ്യാപകരുടെ പ്രാവീണ്യം, അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരം, കായിക വിദ്യാഭ്യാസം, നേതൃപാടവം തുടങ്ങിയവയിൽ സ്കൂൾ മികച്ച സ്കോർ നേടി.

സർക്കാർ വിദ്യാഭ്യാസ മേഖലയിൽ മികവ് തെളിയിക്കാനും അതിലൂടെ ഇതര സ്കൂളുകളുടെ വികസനത്തിനും വിദ്യാർത്ഥികളുടെ ഉന്നമനത്തിനും മികച്ച മാതൃകയാണ് നടക്കാവ് സ്കൂളെന്ന് ഫൈസൽ & ഷബാന ഫൗണ്ടേഷൻ സ്ഥാപകനും കെഫ് ഹോൾഡിംഗ്സ് കമ്പനിയുടെ സ്ഥാപകനും ചെയർമാനുമായ ഫൈസൽ കോട്ടിക്കൊള്ളോൻ പറഞ്ഞു. ഗുണപരമായ സാമൂഹിക മാറ്റമാണ് ഫൗണ്ടേഷൻ ലക്ഷ്യമാക്കുന്നതെന്നും നടക്കാവ് സ്കൂൾ പുനർനിർമാണം വിദ്യാഭ്യാസ മേഖലയിലെ ഫൗണ്ടേഷന്റെ ആദ്യ സംരംഭമാണെന്നും അദ്ദേഹം പറഞ്ഞു.

Faizal & Shabana FOUNDATION

10 വർഷം മുൻപ് ഫൗണ്ടേഷന് രൂപം നൽകുമ്പോൾ സാമൂഹിക പ്രസക്തിയുള്ള സംരംഭങ്ങളിലൂടെ കാതലായ മാറ്റങ്ങൾ കൈവരുത്തുകയായിരുന്നു ലക്ഷ്യമെന്ന് ഫൈസൽ & ഷബാന ഫൗണ്ടേഷൻ സ്ഥാപകയും കെഫ് ഹോൾഡിംഗ്സ് കമ്പനി വൈസ് ചെയർപേഴ്സനുമായ ഷബാന ഫൈസൽ പറഞ്ഞു. ഈ അംഗീകാരം സ്കൂളിലെ 2,600ൽ പരം വിദ്യാർത്ഥിനികൾക്ക് മികച്ച വിദ്യാഭ്യാസം ലഭിക്കുന്നുവെന്നതിന് തെളിവാണ്. അവരുടെ സമഗ്ര വ്യക്തിത്വ വികാസത്തിനാണ് സ്കൂൾ ഊന്നൽ നൽകുന്നത്. ഇതിലൂടെ ഭാവിയിൽ അവർക്ക് കൂടുതൽ ഉയരങ്ങളിൽ എത്താനും സമൂഹത്തിന് ഗണ്യമായ സംഭാവനകൾ അർപ്പിക്കാനും സാധിക്കും.

നടക്കാവ് സ്കൂളിന് വേണ്ടി ഫൗണ്ടേഷൻ നേതൃത്വം നൽകിയ വികസനങ്ങൾ അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധ നേടി ക്കഴിഞ്ഞു. ഗ്ലാസ്ഗോയിലെ സ്ട്രാത്ക്ളൈഡ് സർവകലാശാലയിലെ പഠന വിഷയമാണ് ഇന്ന് ഈ സാമൂഹിക ജീവകാരുണ്യ പദ്ധതി.

നടക്കാവ് സ്കൂൾ നേടിയ വൻ മുന്നേറ്റത്തെ തുടർന്ന്, ഈ വികസന മാതൃക കേരള സർക്കാർ സംസ്ഥാനത്തെ 1,000 സ്കൂളുകളിലേക്ക് വ്യാപിപ്പിച്ചു കഴിഞ്ഞു.